നെടുമ്പന ദേവകി മന്ദിരത്തിൽ രാധാകൃഷ്ണപിള്ളയെ പരിക്കേൽപ്പിച്ച സംഭവം

22 [2502] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പന ദേവകി മന്ദിരത്തിൽ രാധാകൃഷ്ണപിള്ളയെ അതിദാരുണമായി കുത്തി പരിക്കേൽപ്പിച്ചത് സംബന്ധിച്ച് ചാത്തന്നൂർ പോലീസ് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അറസ്റ്റ് വൈകുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) നെടുമ്പന ദേവകി മന്ദിരത്തിൽ രാധാകൃഷ്ണപിള്ളയെ കുത്തി പരിക്കേൽപ്പിച്ചത് സംബന്ധിച്ച് ചാത്തന്നൂർ പോലീസ് ക്രൈം നമ്പർ 203/04 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസിൽ മൂന്നു പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്.

വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട തീവെയ്പ് സംഭവം

23 [2503] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് സ്റ്റേഷൻ പരിധിയിൽപ്പെട്ട നാട്ടക്കല്ലിൽ 2004 ഫെബ്രുവരി 20, 21, 22 തീയതികളിൽ തീവയ്പ് സംഭവവുമായി ബന്ധപ്പെട്ട് ഏതൊക്കെ വകുപ്പുകൾ പ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവയിൽ ആരെല്ലാമാണ് പ്രതികളായിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) കഴിഞ്ഞ 4 മാസത്തിനിടയിൽ ഇവരിൽ ആരെയൊക്കെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും കേസന്വേഷണം നടത്തുന്നത് ഏതു തലത്തിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലാണെന്നും അറിയിക്കാമോ;

(സി) അന്വേഷണം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്നും മാസങ്ങളായി നീണ്ടുപോകുന്ന അന്വേഷണം ഫലപ്രദമാക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

ഉത്തരം

(എ) 3 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ സി.ആർ. 48/04, സി.ആർ. 50/04 നമ്പർ കേസുകൾ 436 ഐ.പി.സി. പ്രകാരവും സി. ആർ. 52/04 നമ്പർ കേസ് 435 ഐ.പി.സി. പ്രകാരവുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല.

(ബി) ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. ക്രൈം 48/04, 50/04 എന്നിവ സി.ഐ. വെള്ളരിക്കുണ്ടും ക്രൈം 52/04 എസ്. ഐ. വെള്ളരിക്കുണ്ടും ആണ് അന്വേഷിക്കുന്നത്.

(സി) അന്തിമ റിപ്പോർട്ട് നൽകിയിട്ടില്ല. വെള്ളരിക്കുണ്ട് സി.ഐ.-യുടെ കീഴിൽ ഒരു സ്പെഷ്യൽ സ്കാഡ് രൂപീകരിച്ച് ഊർജ്ജിതമായി അന്വേഷിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly